**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **10-08-2023 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ കലാകായിക പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കലാകായിക സാഹിത്യ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗ്ഗീയതയിലേക്കും ലഹരി ഉപയോഗത്തിലേക്കും എത്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ എന്തൊക്ക സഹായങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന കായിക പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സജീവമാക്കാനും, ശാരീരിക ക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനഫലമായി പ്രാദേശിക തലത്തിൽ കായിക വികസനം സാധ്യമാകുന്നതാണ്. അതുമൂലം ധാരാളം യുവജനങ്ങളെ സ്പോർട്സിലേക്ക് ആകർഷിക്കുവാനും, തൻമൂലം അവരെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനും സഹായകരമാകുന്നതാണ്. യുവജനങ്ങൾ കൂടുതൽ പേരും കായിക പ്രവത്തനങ്ങളിൽ വ്യാപൃതരാകുന്നതിലൂടെ ഒരു പരിധി വരെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽനിന്നും യുവജനങ്ങളെ പിന്തിരിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.<br><br>സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോളേജുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളേജുകളെ |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തി ലഹരിക്കെതിരെ ‘ബോധവത്ക്കരണ കലാജാഥ’ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ച ഉണ്ടാക്കുന്നതിനായി ഈ വർഷം ഈ പ്രവർത്തനം 14 ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ യുവജനങ്ങൾ കലാ-കായിക, സാഹിത്യ പ്രവർത്തനങ്ങളിൽ പങ്കാളികളായാൽ അവരുടെ സർഗ്ഗശേഷികൾ വികസിക്കുകയും അവർ കലാ-കായിക സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതോടെ ഒരു പരിധി വരെ വർഗ്ഗീയതയും, ലഹരി ഉപയോഗവും കുറയ്ക്കുവാൻ സാധിക്കും. ഈ ഉദ്ദേശ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത്/യുവാ/യുവതീ ക്ലബ്ബുകളുടെയും ടീം കേരള എന്ന സന്നദ്ധ സേവന സേനയുടെയും മറ്റു സാംസ്കാരിക കൂട്ടായ്മയുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ചുവടെ പറയും പ്രകാരം വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1. മയക്കുമരുന്നിനെതിരെ ലഹരി വിരുദ്ധ ക്യാമ്പയിനുകൾ.<br>2. കലാകായിക സാംസ്കാരിക ഉത്സവമാ യ കേരളോത്സവം.<br>3. സാഹിത്യാഭിരുചി വളർത്തുന്നതിന് വേണ്ടിയുള്ള സാഹിത്യ ക്യാമ്പ്.<br>4. ശാസ്ത്ര അവബോധം വളർത്തുന്നതിനുവേണ്ടിയുള്ള ശാസ്ത്ര ക്വിസ്.<br>5. കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക മത്സരങ്ങൾ.<br>6. സാഹസിക മനോഭാവം സൃഷ്ടിക്കുന്നതിനുള്ള സാഹസിക പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ